No.ICPS/1/20897/15

സാമൂഹ്യ നീതി ഡയറക്ടറേറ്റ്
എസ്.സി.പി.എസ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 01.08.2015

# സർക്കുലർ

വിഷയം : സാ.നീ.വ.- ശൈശവവിവാഹം- ബഹുമാനപ്പെട്ട ഹൈക്കോടതി ആവശ്യപ്പെട്ട വിവരം- വിവര ശേഖരണം സംബന്ധിച്ച്.

സൂചന : 1) ജി.ഒ.(പി)നം.41/2008/എസ്.ഡബ്ലി.യു.ഡി.തീയതി : 30.06.2008
2) WP(C )16151 of 2013
3) സർക്കാരിന്റെ 23.07.2015 ലെ 9321/B3/2015 /SJD നമ്പർ കത്ത്.

മേൽ ഒന്നാം സൂചനയിലെ ഉത്തരവു പ്രകാരം ശിശു വികസന പ്രോജക്ട് ഓഫീസർമാരെ ശൈശവവിവാഹ നിരോധന ഓഫീസർമാരായി ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായി. ഈ ഉത്തരവിനനുസരിച്ച് തങ്ങളുടെ അധികാരപരിധിയിലുള്ള പ്രദേശത്തെ ശൈശവവിവാഹം സംബന്ധിച്ച് 2006 ലെ ശൈശവവിവാഹനിരോധനനിയമത്തിലും 2008 ലെ കേരള ശൈശവവിവാഹ നിരോധന ചട്ടങ്ങളിലും നിഷ്കർഷിക്കുന്നപ്രകാരം നടപടി സ്വീകരിയ്ക്കുവാൻ ശിശു വികസന പ്രോജക്ട് ഓഫീസർമാർക്ക് അധികാരമുണ്ട്.

ശൈശവവിവാഹം സംബന്ധിച്ച് മേൽ രണ്ടാം സൂചന പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഒരു റിട്ട് പെറ്റിഷൻ നിലവിലുണ്ട്. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ശൈശവ വിവാഹം സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ നൽകേണ്ടിയിരിക്കുന്നു.

1) സംസ്ഥാനത്ത് 2010 മുതൽ നടന്ന ശൈശവ വിവാഹങ്ങളുടെ വർഷം തിരിച്ചുള്ള കണക്ക്.
2) ശിശുവികസന ഓഫീസർമാർ തടഞ്ഞ ശൈശവവിവാഹങ്ങളുടെ എണ്ണം (2010 മുതൽ 2015 ജൂലൈ വരെ)

മേൽപറഞ്ഞ വിവരം ഓരോ ശിശുവികസനപ്രോജക്ട് ഓഫീസർമാരും ഈ മാസം 7-ാം തീയതിയ്ക്കു മുമ്പായി അതതു ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കു നൽകണം. ജില്ലാ ശിശു സംരക്ഷണഓഫീസർമാർ ജില്ലയിലെ ശൈശവവിവാഹ നിരോധന ഓഫീസർമാർ നൽകിയ വിവരം ക്രോഡീകരിച്ച് ഈ മാസം 10-ാം തീയതിയ്ക്കുള്ളിൽ തിരുവനന്തപുരം പൂജപ്പുരയിലെ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി ഓഫീസിലെ പ്രോഗ്രാം മാനേജർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

ആവശ്യപ്പെട്ട വിവരം നിശ്ചിതസമയപരിധിയ്ക്കുള്ളിൽ തന്നെ ശേഖരിച്ചു ക്രോഡീകരിച്ചു അയച്ചുതരാൻ എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

**To**

എല്ലാ സംയോജിത ശിശുവികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്:

1)എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
2)സ്റ്റോക്ക് ഫയൽ